ഭരണഭാഷ-മാതൃഭാഷ

തദ്ദേശ സ്വയംഭരണ വകുപ്പ്
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ, പാലക്കാട്- 678001
e-mail- jdlsgdpkd1@gmail.com
Phone: 0491- 2505155, 2505199

നമ്പർ: **LSGD/JD/PKD/6961/2025-F3** തിയ്യതി: 13-08-2025

## 11/07/2025 തീയതി ചേർന്ന ജില്ലാതല സ്ഥിരം അദാലത്ത് സമിതി യോഗത്തിന്റെ മിനിട്ട്സ്

**അജണ്ട**

**1.**മണ്ണാർക്കാട് നഗരസഭ -വ്യാജ നമ്പറിട്ട അനധികൃത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കവിത ഗോൾഡ് & ഡയമണ്ട്സ് എന്ന സ്ഥാപനത്തിന് ലൈസൻസ് നൽകി എന്ന് ആരോപിച്ചുള്ള ശ്രീ.വിജയൻ എന്നവരുടെ പരാതിയിൻമേൽ തീരുമാനം കൈകൊള്ളുന്നത് സംബന്ധിച്ച്

**2.**കോട്ടായി ഗ്രാമപഞ്ചായത്ത് –കെട്ടിട നിര്മ്മാണ പെര്മിറ്റ് ലഭിക്കാത്തത് സംബന്ധിച്ച് ശ്രീ.മുഹമ്മദ് റഫീഖ് എന്നവരുടെ പരാതിയിൽ തീരുമാനം കൈകൊള്ളുന്നത് സംബന്ധിച്ച്.

**3.**കോട്ടായി ഗ്രാമപഞ്ചായത്ത് – കെട്ടിട നിര്മ്മാണ പെര്മിറ്റ് ലഭിക്കാത്തത് സംബന്ധിച്ച് ശ്രീ.രാജേഷ്.യു എന്നവരുടെ പരാതിയിൽ തീരുമാനം കൈകൊള്ളുന്നത് സംബന്ധിച്ച്.

**4.**പിരായിരി ഗ്രാമപഞ്ചായത്ത് - മാമ്പ്ര ക്വാറിക്ക് ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് പൌരസമിതി അംഗങ്ങൾ സമർപ്പിച്ച പരാതിയിൻമേൽ തീരുമാനം കൈകൊള്ളുന്നത് സംബന്ധിച്ച്

**പങ്കെടുത്തവർ**

1.ശ്രീ.സജി തോമസ്, ഡെപ്യൂട്ടി ഡയറക്ടർ, തസ്വഭവ പാലക്കാട്

(ജോയിന്റ് ഡയറക്ടറുടെ അധിക ചുമതല)

2.ശ്രീമതി.ദീപ വി പി, ജില്ലാ ടൌൺ പ്ലാനർ

3.ശ്രീ.അഭിലാഷ് കൃഷ്ണൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ

(എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അധിക ചുമതല)

4. ശ്രീ.ആനന്ദ് എസ് കുമാർ, അസിസ്റ്റന്റ് ഡയറക്ടർ

6. ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിമാരും മറ്റ് ഉദ്യോഗസ്ഥരും

7.എം എസ് വിജയൻ,അരുണിമ,നാരാങ്ങപൊറ്റ,മണ്ണാർക്കാട്

8.മുഹമ്മദ് റഫീഖ് എം,പിരായിരി

9.ശ്രീ.രാജേഷ് പ്രസിഡന്റ്/സെക്രട്ടറി ലെൻസ് ഫെഡ്, മുതൽപേർ

10.മാമ്പ്ര പൌരസമിതി അംഗങ്ങൾ, പിരായിരി

സ്ഥിരം അദാലത്ത് സംവിധാനവുമായി ബന്ധപ്പെട്ട് ജില്ലാതല അദാലത്ത് സമിതി യോഗം 11/07/2025 തീയതി വെള്ളിയാഴ്ച്ച ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക് തസ്വഭവ ഡെപ്യൂട്ടി ഡയറക്ടർ (ജോയിന്റ് ഡയറക്ടറുടെ അധിക ചുമതല)ശ്രീ.സജി തോമസ് എന്നവരുടെ അധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിൽ അജണ്ട പ്രകാരമുള്ള പരാതികൾ വിശദപരിശോധനയ്ക്ക് വിധേയമാക്കി. പരാതികക്ഷികളുടെയും ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിമാരുടെയും വാദങ്ങളും കേൾക്കുകയും ഉപജില്ലാ സമിതി കൺവീനർമാരുടെ അഭിപ്രായങ്ങൾ പരിശോധിക്കുകയുമുണ്ടായി.

**അജണ്ട 1.** മണ്ണാർക്കാട് നഗരസഭയിൽ വ്യാജ നമ്പരിട്ട അനധികൃത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കവിത ഗോൾഡ് & ഡയമണ്ട്സ് എന്ന സ്ഥാപനത്തിന് ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങി 5 വർഷ കാലയളവിലേക്ക് ലൈസൻസ് നൽകി എന്ന് ആരോപിച്ചുകൊണ്ട് ശ്രീ.വിജയൻ എന്നവർ സമർപ്പിച്ച പരാതിയിൻമേൽ തീരുമാനം കൈകൊള്ളുന്നത് സംബന്ധിച്ച്

മണ്ണാർക്കാട് നഗരസഭയിൽ വ്യാജ നമ്പറിട്ട അനധികൃത കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കവിത ഗോൾഡ് & ഡയമണ്ട്സ് എന്ന സ്ഥാപനത്തിൻ്റെ നടത്തിപ്പിനായി ശ്രീ.പ്രസാദ്.ടി.പി എന്നവർക്ക് 5 വർഷകാലയളവിലേക്ക് ലൈസൻസ് നൽകി എന്ന് ആരോപിച്ചുകൊണ്ട് ശ്രീ.വിജയൻ,അരുണിമ,നാരങ്ങപ്പൊറ്റ എന്നവർ സമർപ്പിച്ച പരാതി ജില്ലാ അദാലത്ത് സമിതി പരിശോധിച്ചു. ടി പരാതി നൽകിയത് താനല്ലെന്നും തനിക്ക് അത്തരത്തിലൊരു പരാതി ഇല്ലെന്നും ശ്രീ.വിജയൻ സമിതി മുമ്പാകെ അറിയിച്ചു. പരാതികക്ഷി പരാതി നിഷേധിച്ചെങ്കിലും പരാതിയിൽ പറയുന്ന വസ്തുതകൾ നിലനിൽക്കുന്നതാണെങ്കിൽ ആയത് പരിശോധിച്ച് നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിന് മണ്ണാർക്കാട് നഗരസഭ സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നതിന് സമിതി തീരുമാനിച്ചു.

**അജണ്ട 2.** കോട്ടായി ഗ്രാമപഞ്ചായത്ത് –ശ്രീ.മുഹമ്മദ് റഫീഖ് - കെട്ടിട നിർമ്മാണ പെർമിറ്റ് ലഭിക്കാത്തത് സംബന്ധിച്ചുള്ള പരാതിയിൽ തീരുമാനം കൈകൊള്ളുന്നത് സംബന്ധിച്ച്.

അപേക്ഷകനെയും പഞ്ചായത്തിലെ ബന്ധപ്പെട്ട ഉദ്യേഗസ്ഥരെയും സമിതി നേരിൽ കേട്ടു.

കോട്ടായി II വില്ലേജിൽ റീ സർവ്വേ നമ്പർ 5/19 ൽ ഉൾപ്പെട്ട( 0.0271,Ha ) സ്ഥലത്ത് താഴത്തെ നില 120.30 ചതരശ്ര മീറ്ററും ഒന്നാം നില 45.10 ചതുരശ്ര മീറ്ററും ആകെ 165.31 ചതുരശ്ര മീറ്റർ വിസ്തതയിൽ വാസഗൃഹ നിർമ്മാണത്തിനായി,പ്ലോട്ട് സബ്ഡിവിഷൻ നടത്തിയതും ഡെവലപ്മെന്റ് പ്ലാൻ/ലേ ഔട്ട് അപ്പ്രൂവൽ ഇല്ലാത്തതുമായ സ്ഥലത്ത് കെട്ടിട നിർമ്മാണ പെർമിറ്റിന് അപേക്ഷ സമര്പ്പിച്ചിട്ടുള്ളതായിട്ടാണ് കാണുന്നത്.

ടി പ്ലോട്ട് 2011 ന് മുമ്പായി തന്നെ പ്ലോട്ട് ഡിവിഷൻ നടത്തിയിട്ടുള്ളതും, ടി പ്ലോട്ട് ഡിവിഷനിൽ ഉൾപ്പെട്ട ഭൂരിഭാഗം പ്ലോട്ടുകളും വളരെക്കാലം മുമ്പേ തന്നെ പ്ലോട്ട് ഉടമ കൈമാറ്റം ചെയ്തതായും ആയത് പിന്നീട് മൂന്നോ നാലോ കൈമാറ്റം നടന്നതായും ആയതിനാൽ തന്നെ മുൻ ഉടമസ്ഥനിൽ നിന്നും പ്ലോട്ട് ഡിവിഷൻ അനുമതിക്കുള്ള അപേക്ഷ ലഭ്യമാക്കുന്നത് പ്രായോഗ്യമല്ലാത്തതിനാലും ടി വിഷയത്തിൽ അനുകൂല തീരുമാനം ഉണ്ടാകണമെന്ന് അപേക്ഷകൻ അറിയിച്ചു.

2011 ന് മുമ്പ് പ്ലോട്ട് ഡിവിഷൻ നടത്തിയിട്ടുള്ള സംഗതികളിൽ നിലവിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ഇല്ലാത്തതാണ്. സമാന വിഷയം സിമിതി മുമ്പ് പരിഗണിച്ചിട്ടുള്ളതും പ്ലോട്ട് സബ്ഡിവിഷൻ നടത്തിയ സ്ഥലത്ത് കെട്ടിടം നിർമ്മാണ പെർമിറ്റ്/കെട്ടിടം ക്രമവൽക്കരിച്ച് നമ്പർ

അനുവദിക്കൽ എന്നിവ സംബന്ധിച്ച് സ്പഷ്ടീകരണം/ പൊതുതീരുമാനത്തിനായി സർക്കരിന് സമർപ്പിച്ചിട്ടുള്ളതുമാണ്. സർക്കാർ പരിഗണനയിലുള്ള വിഷയമായതിനാൽ ആയതിൻമേൽ നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**<u>അജണ്ട 3.</u>** കോട്ടായി ഗ്രാമപഞ്ചായത്ത് – ശ്രീ.രാജേഷ്.യു ,പ്രസിഡന്റ് ,ലെൻസ്ഫെഡ്, പറളി യൂണിറ്റ് - കെട്ടിട നിർമ്മാണ പെർമിറ്റ് ലഭിക്കാത്തത് സംബന്ധിച്ചുള്ള പരാതിയിൽ തീരുമാനം കൈകൊള്ളുന്നത് സംബന്ധിച്ച്.

അപേക്ഷകനെയും പഞ്ചായത്തിലെ ബന്ധപ്പെട്ട ഉദ്യേഗസ്ഥരെയും സമിതി നേരിൽ കേട്ടു.

കോട്ടായി I I വില്ലേജ് റീ സർവ്വേ നമ്പർ 5/73ൽ 0.0106 ഹെക്ടർ വിസ്തൃതിയിലുള്ള സ്ഥലത്ത് 46.14ചതുരശ്ര മീറ്റർ വിസതൃതയിൽ വാസഗൃഹ കെട്ടിടം നിർമ്മിക്കുന്നതിനായി, പ്ലോട്ട് സബ്ഡിവിഷൻ നടത്തിയതും ഡെവലപ്മെന്റ് പ്ലാൻ/ലേ ഔട്ട് അപ്പ്രൂവൽ ഇല്ലാത്തതുമായ സ്ഥലത്ത് കെട്ടിട നിർമ്മാണ പെർമിറ്റിന് അപേക്ഷ സമര്പ്പിച്ചിട്ടുള്ളതായിട്ടാണ് കാണുന്നത്.

ടി പ്ലോട്ട് 2009.,2010 കാലത്തുതന്നെ അതായത് ഗ്രാമ പഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുമ്പ് തന്നെ പ്ലോട്ട് ഡിവിഷൻ നടത്തിയിട്ടുള്ളതാണെന്നും ആയതിനാൽ തന്നെ നിലവിൽ ടി കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷയിൽ പ്ലോട്ട് ഡിവിഷൻ അനുമതി ആവശ്യമാണെന്നത് പരിശോധിക്കേണ്ടതാണെന്നും അപേക്ഷകൻ അറിയിച്ചു.

ടി പ്ലോട്ട് 2011 ന് മുമ്പായി തന്നെ പ്ലോട്ട് ഡിവിഷൻ നടത്തിയിട്ടുള്ളതും, ടി പ്ലോട്ട് ഡിവിഷനിൽ ഉൾപ്പെട്ട ഭൂരിഭാഗം പ്ലോട്ടുകളും വളരെക്കാലം മുമ്പേ തന്നെ പ്ലോട്ട് ഉടമ കൈമാറ്റം ചെയ്തതായും ആയത് പിന്നീട് മൂന്നോ നാലോ കൈമാറ്റം നടന്നതായും ആയതിനാൽ തന്നെ മുൻ ഉടമസ്ഥനിൽ നിന്നും പ്ലോട്ട് ഡിവിഷൻ അനുമതിക്കുള്ള അപേക്ഷ ലഭ്യമാക്കുന്നത് പ്രായോഗ്യമല്ലാത്തതിനാലും ടി വിഷയത്തിൽ അനുകൂല തീരുമാനം ഉണ്ടാകണമെന്ന് അപേക്ഷകൻ അറിയിച്ചു.

2011 ന് മുമ്പ് പ്ലോട്ട് ഡിവിഷൻ നടത്തിയിട്ടുള്ള സംഗതികളിൽ നിലവിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ഇല്ലാത്തതാണ്. സമാന വിഷയം സിമിതി മുമ്പ് പരിഗണിച്ചിട്ടുള്ളതും പ്ലോട്ട് സബ്ഡിവിഷൻ നടത്തിയ സ്ഥലത്ത് കെട്ടിടം നിർമ്മാണ പെർമിറ്റ്/കെട്ടിടം ക്രമവൽക്കരിച്ച് നമ്പർ അനുവദിക്കൽ എന്നിവ സംബന്ധിച്ച് സ്പഷ്ടീകരണം/ പൊതുതീരുമാനത്തിനായി സർക്കരിന് സമർപ്പിച്ചിട്ടുള്ളതുമാണ്. സർക്കാർ പരിഗണനയിലുള്ള വിഷയമായതിനാൽ ആയതിൻമേൽ നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. ആയത് സർക്കാരിന്റെ മുഖ്യശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ലെൻസ്ഫെഡ് സംഘടന മുഖേന നടപടികൾ സ്വീകരിക്കുന്നതിന് ലെൻസ്ഫെഡ് അധികൃതർക്കും സമിതി നിർദ്ദേശം നൽകി.

**<u>അജണ്ട 4</u>** - പിരായിരി ഗ്രാമപഞ്ചായത്തിലെ മാമ്പ്ര ക്വാറിക്ക് ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച് പൌരസമിതി അംഗങ്ങൾ സമർപ്പിച്ച പരാതിയിൻമേൽ തീരുമാനം കൈകൊള്ളുന്നത് സംബന്ധിച്ച്

പിരായിരി ഗ്രാമപഞ്ചായത്തിലെ മാമ്പ്ര ക്വാറിക്ക് ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച പരാതിയിൽ മാമ്പ്ര ക്വാറി പൌരസമിതി അംഗങ്ങളെയും പിരായിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെയും സമിതി നേരിൽ കേട്ടു.

മാമ്പ്ര പ്രദേശത്ത് ക്വാറി ആരംഭിച്ചാലുണ്ടാകാവുന്ന പ്രത്യാഘാതം അതി ഭീകരമായിരിക്കുമെന്നും സമീപത്തുള്ള കുടിവെള്ള ടാങ്കിനുണ്ടാകുന്ന ബലക്ഷയം പിരായിരി, മാത്തൂർ, പറളി ഗ്രാമ

പഞ്ചായത്തുകളിലെ ഒരു ലക്ഷത്തോളം വരുന്ന ജനങ്ങളുടെ കുടിവെള്ള ലഭ്യതയെ പൂർണ്ണമായും ഇല്ലാതാക്കുമെന്നും സമീപ പ്രദേശത്തെ വിടുകൾക്കും സ്ഥാപനങ്ങളുടെയും തകർച്ചയ്ക്ക് കാരണമാകുമെന്നതിനാലും ഗുരുതരമായ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നതിനാലും ക്വാറി പ്രവർത്തനം ഉപേക്ഷിക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കണമെന്നും മാത്രവുമല്ല പൊതുജനങ്ങളുടെ താൽപര്യത്തിന് വിരുദ്ധമായും പൊതുമുതലുകളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും ശ്രമിക്കാതെ ക്വാറി ഉടമകളുമായി ചേർന്ന് പഞ്ചായത്ത് സെക്രട്ടറി നിയമ വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതുമായി ബന്ധപ്പെട്ട വിഷയം ജില്ലാ അദാലത്ത് സമിതി പരിശോധനയ്ക്കണമെന്നും പൌരസമിതി അംഗങ്ങൾ ആവശ്യപ്പെട്ടു.

നിലവിൽ ബഹു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണൽ കോടതി 20.03.2025-ലെ ഉത്തരവ് പ്രകാരം ക്വാറിയുടെ ലൈസൻസ് റദ്ദ് ചെയ്തത് സ്റ്റേ ചെയ്തിരിക്കുകയാണെന്നും ആയതിനെ തുടർന്ന് 04/03/2025-ലെ SC-1-1554/2025 നമ്പർ പ്രകാരം ക്വാറി ഉടമ ശ്രീ.സി.കെ.ഉണ്ണികൃഷ്ണൻ എന്നവർ ലൈസൻസ് പുതുക്കി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രൈബ്യൂണൽ കോടതിയുടെ ഉത്തരവും 30/04/2025ലെ പഞ്ചായത്ത് കമ്മറ്റി ചർച്ച ചെയ്ത്, ആയതുമായി ബന്ധപ്പെട്ട പത്രികയും, ഫയലുകളും ട്രൈബ്യൂണൽ കോടതിയുടെ മുമ്പാകെ സമർപ്പിക്കുന്നതിന് നിലവിലെ സ്റ്റാൻ്റിംഗ് കൌൺസിലിനെ (അഡ്വ.സൂരജ്നായർ) ചുമതലപ്പെടുത്തിയത് അംഗീകരിക്കുകയും, ക്വാറിയിൽ നടത്തിയ വൈബ്രേഷണൽ ടെസ്റ്റ്റിൻ്റെ റിസൽട്ട് റിപ്പോർട്ട്. ക്വാറിക്ക് ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച സ്പഷ്ടീകരിക്കുന്നതിനായി മൈനിംഗ് ആൻറ് ജിയോളജി വകുപ്പ്, വാട്ടർ അതോറിറ്റി, പാലക്കാട് ജില്ലാ ദുരന്തനിവാരണം/കലക്ടറേറ്റ്, അയച്ച നൽകിയിട്ടുള്ളതിന് പ്രസ്തുത വകുപ്പുകളിൽ നിന്നും നാളിതുവരെ മറുപടികളൊന്നും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടി വകുപ്പുകളിൽ നിന്നും മറുപടി ലഭിച്ചതിനുശേഷം ആയതിൻ്റെ അടിസ്ഥാനത്തിൽ അടുത്ത് ചേരുന്ന ഭരണ സമിതി യോഗത്തിൽ ക്വാറിയുടെ ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട യുക്തമായ തിരുമാനമെടുക്കുന്നതിനും 30.04.2025ന് തീരുമാനിച്ചതായും സെക്രട്ടറി അറിയിച്ചു.

ടി വിഷയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണൽ കോടതിയുടെ പരിഗണനയിലായതുകൊണ്ടും,മറ്റ് വകുപ്പുകളിൽ നിന്ന് സാങ്കേതികപരമായ നിർദ്ദേശങ്ങൾ ആവശ്യമുള്ളതുകൊണ്ടും കോടതിവിധി വരുന്ന മുറയ്ക്ക് നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

യോഗം കൃത്യം 3.40 PM ന് അവസാനിച്ചു.

Signed by
Saji Thomas
Date: 13-08-2025 16:01:34